പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 49 27/09/2011-ലെ മറുപടിയ്ക്ക്

## അനധികൃത പരസ്യബോർഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ നഗരങ്ങളിൽ അനധികൃതമായി ബോർഡുകളും, ബാനറുകളും, ഹോർഡിങ്കളും സ്ഥാപിച്ചിരിക്കുന്നത് വേണ്ടത്ര ഉറപ്പില്ലാത്തതും സുരക്ഷിതത്വം ഇല്ലാത്തതുമായ പ്രതലത്തിലാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നഗരസഭകളുടെയും, മുനിസിപ്പാലിറ്റികളുടെയും മുൻകൂർ അനുമതി ലഭിക്കാതെയും നികുതി നൽകാതെയും സ്ഥാപിച്ചിരിക്കുന്ന ഫ്ളക്സ്ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിയമ വിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ഫ്ളക്സ് ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | റെയിൽവേ, കെ.എസ്.ഇ.ബി എന്നിവയുടെ ഇലക്ട്രിക് ലൈനുകൾ കടന്നുപോകുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന അനധികൃത ഫ്ളക്സ് ബോർഡുകളും ബാനറുകളും നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) | അനധികൃത പരസ്യബോർഡുകൾ നീക്കം ചെയ്യുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ട്. അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും പരസ്യബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പരസ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 1999-ലെ കേരളാ മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ